റസിഡന്റ് വിദേശ കറൻസി (ഗാർഹികം) പൗരൻമാർക്കുള്ള അക്കൗണ്ട് സൗകര്യം

ഭാരതീയ റിസർവ് ബാങ്ക്
വിനിമയ നിയന്ത്രണ വകുപ്പ്
കേന്ദ്ര കാര്യാലയം
മുംബൈ 400 001

A.P. (Dir സീരീസ്) സർക്കുലർ നമ്പർ 64 2002 ഡിസംബർ 24

എല്ലാ അംഗീകൃത വിദേശ നാണ്യ ഡീലർമാർക്കും

മാഡം/സർ,

**റസിഡന്റ് വിദേശ കറൻസി (ഗാർഹികം) പൗരൻമാർക്കുള്ള അക്കൗണ്ട് സൗകര്യം**

ഇൻഡ്യൻ പൗരൻമാർക്ക് അവർ കറൻസി നോട്ടുകൾ, ബാങ്ക് നോട്ടുകൾ, ചില പ്രത്യേക ആവശ്യങ്ങൾക്കായുള്ള ട്രാവല്ലേഴ്സ് ചെക്കുകൾ ഇവയുടെ രൂപത്തിൽ ആർജിച്ചിട്ടുള്ള വിദേശ നാണ്യം ഉപയോഗിച്ചുകൊണ്ട് ഇന്ത്യയിലെ ഒരു അംഗീകൃത ഡീലറുടെ പക്കൽ ഒരു റസിഡന്റ് വിദേശ കറൻസി (ഗാർഹികം) അക്കൗണ്ട് തുറക്കാനും കൈവശം വച്ച് നിലനിർത്താനുമുള്ള അനുവാദം നൽകുന്ന 2002 നവംബർ 1ലെ വിജ്ഞാപന നമ്പർ FEMA 74/2002-RBയിലേക്കും 2002, നവംബർ 23ലെ A.P (Dir സീരീസ്) സർക്കുലർ നമ്പർ 53ലേക്കും അംഗീകൃത ഡീലർമാരുടെ ശ്രദ്ധ ക്ഷണിക്കുന്നു.

2. മുകളിൽ പറഞ്ഞിരിക്കുന്ന വിജ്ഞാപനത്തിൽ സൂചിപ്പിച്ചിരിക്കുന്ന തരത്തിലുള്ള ആവശ്യങ്ങൾക്ക് കൂടാതെ പൗരൻമാർക്ക് അവർ സമ്പാദിച്ചതോ/അല്ലെങ്കിൽ പാരിതോഷികമായി അടുത്ത ബന്ധുക്കളിൽ (കമ്പനി നിയമത്തിൽ നിർവചിച്ചതുപോലെ) നിന്നും ലഭിച്ചതും സാധാരണ ബാങ്കിംഗ് ചാനലിലൂടെ ഇന്ത്യയിലേയ്ക്ക് അയക്കപ്പെട്ടുമായ വിദേശ നാണ്യത്തിൽ നിന്നും ഒരു റസിഡന്റ് വിദേശ കറൻസി (ഗാർഹികം) അക്കൗണ്ട് തുറക്കുകയോ ക്രെഡിറ്റ് ചെയ്യുകയോ ആകാം. ഈ വിദേശ നാണ്യം, സാധനങ്ങളുടെ കയറ്റുമതിയും/അല്ലെങ്കിൽ സേവനങ്ങൾ, റോയൽറ്റി, മാനവേതനം തുടങ്ങിയവയിലൂടെ നേടിയതാകണം

3. 2002 നവംബർ 1 ലെ വിജ്ഞാപനം നമ്പർ FEMA 74/2002- RB യിൽ വേണ്ട ഭേദഗതികൾ വരുത്തി പ്രത്യേകം പുറപ്പെടുവിക്കും.

4. അംഗീകൃത ഡീലർമാർ ഈ സർക്കുലറിന്റെ ഉള്ളടക്കം അവരുടെ ഘടകങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്

5. 1999ലെ (42 of 1999) വിദേശ വിനിമയ മാനേജ്മെന്റ് നിയമത്തിന്റെ സെക്ഷൻ 10ൽ (4) നം സെക്ഷൻ 11ൽ 1 നും കീഴിലാണ് ഈ സർക്കുലറിൽ അടങ്ങിയിരിക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരിക്കുന്നത്.

വിശ്വസ്തതയോടെ

ജി. പദ്മനാഭൻ

ഓഫീസർ ഇൻ ചാർജ്